10. ശ്രീകൃഷ്ണപുരം മണ്ഡലത്തിലെ മുറിയങ്കണ്ണി പാലത്തിന്റെ പണി

ശ്രീമതി ഗിരിജാ സുരേന്ദ്രൻ : സർ, ഈ വിഷയത്തെ സംബന്ധിച്ച് സബ്മിഷൻ ഞാൻ ഇതിനുമുമ്പും ഈ സഭയിൽ ഉന്നയിച്ചിട്ടുണ്ട്. അടിയന്തിര പ്രാധാന്യമുള്ള വിഷയമായതുകൊണ്ടാണ് വീണ്ടും ഇത് ഉന്നയിക്കുന്നത്. ശ്രീകൃഷ്ണപുരം നിയോജക മണ്ഡലത്തിലെ വെള്ളിനഴി പഞ്ചായത്തിലുള്ള മുറിയങ്കണ്ണി പുഴയ്ക്ക് കുറുകെയുള്ള പാലത്തിന്റെ നിർമ്മാണ പ്രവർത്തനം അടിയന്തിരമായി ആരംഭിക്കാൻ നടപടികൾ സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്. ശ്രീകൃഷ്ണപുരം, മണ്ണാർക്കാട്, പെരിന്തൽമണ്ണ എന്നീ അസംബ്ലി മണ്ഡലങ്ങളേയും പാലക്കാട്, മലബാർ എന്നി ജില്ലകളേയും പരസ്പരം ബന്ധിപ്പിക്കുന്ന ഈ പാലം നിലവിൽ വന്നാൽ പാലക്കാട് നിന്നും പെരിന്തൽമണ്ണയിലേയ്ക്ക് യാത്ര ചെയ്യുമ്പോൾ 8 കിലോമീറ്റർ ദൂരം ലാഭിക്കാൻ കഴിയും. കഴിഞ്ഞ തവണ ഈ വിഷയം സംബന്ധിച്ച് സബ്മിഷൻ ഉന്നയിച്ചപ്പോൾ ബഹുമാനപ്പെട്ട മന്ത്രി തന്ന മറുപടിയിൽ 22-12-2000-ന് 210 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുള്ള പാലമാണ് ഇതെന്നാണ് പറഞ്ഞിട്ടുള്ളത്. അതുമാത്രമല്ല പാലത്തിന്റെ നിർമ്മാണത്തിനുവേണ്ടി സൈറ്റ് സർവ്വേ പൂർത്തിയാക്കിയിട്ടുണ്ട്, അലൈൻമെന്റ് അംഗീകരിച്ചിട്ടുണ്ട്. ഡിസൈൻ തയ്യാറാക്കി പ്രത്യേകം അനുമതി നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു, ഈ പാലത്തിന്റെ നിർമ്മാണം നബാർഡിന്റെ സഹായത്തോടുകൂടി ചെയ്യുന്നതിനുള്ള ശ്രമങ്ങൾ നടത്തിവരുന്നു എന്നും പറഞ്ഞു. എന്തെങ്കിലും ടെക്നിക്കൽ ഒബ്ജക്ഷനുണ്ടെങ്കിൽ അതെല്ലാം തീർത്തുകൊണ്ട് ഈ പാലത്തിന്റെ നിർമ്മാണ ഉദ്ഘാടനം പെട്ടെന്നു നടത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്നഭ്യർത്ഥിക്കുകയാണ്.

മരാമത്ത് വകുപ്പുമന്ത്രി (ശ്രീ. എം. കെ. മുനീർ): സർ, ശ്രീകൃഷ്ണപുരം നിയോജകമണ്ഡലത്തിലെ മുറിയങ്കണ്ണി പാലം പണിയുന്നതിനുവേണ്ടി 20-11-2004-ൽ സർക്കാർ ഉത്തരവ് നമ്പർ 1159/4 പൊതുമരാമത്തു വകുപ്പ് പ്രകാരം 200 ലക്ഷം രൂപയുടെ എസ്റ്റിമേറ്റിന് ഭരണാനുമതി നൽകിക്കഴിഞ്ഞു. പ്രസ്തുത പാലത്തിന്റെ ജനറൽ ഡിസൈൻ പൂർത്തിയായി വരികയാണ്. ഉടനെ ടി. എസ്. നൽകും. ഏപ്രിൽ മാസത്തിൽ ടെൻഡർ ക്ഷണിക്കാൻവേണ്ടിയാണ് ശ്രമിക്കുന്നത്. 2005-06 സാമ്പത്തിക വർഷം തന്നെ പാലത്തിന്റെ പണി തുടങ്ങുന്നതാണ്. ഇതുസംബന്ധിച്ച് ശ്രീ. കളത്തിൽ അബ്ദുള്ളയും ഒരു കത്ത് തന്നിട്ടുണ്ടായിരുന്നു. ഓരോ നടപടിക്രമങ്ങൾ പൂർത്തീകരിക്കാതെ നമുക്ക് പ്രവൃത്തി ആരംഭിക്കാൻ കഴിയുകയില്ല. ഇനി ടി. എസ് ആണ് നൽകാനുള്ളത്. അത് ഏതാനും ദിവസങ്ങൾക്കകം നൽകി ടെൻഡർ ക്ഷണിക്കും. ടെൻഡർ ക്ഷണിച്ച് 2005-06 സാമ്പത്തിക വർഷംതന്നെ പാലത്തിന്റെ പണി തുടങ്ങാൻ സാധിക്കുന്നതാണ്.

VI മേശപ്പുറത്ത് വച്ച കടലാസുകൾ

ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. വക്കം പുരുഷോത്തമൻ) : സർ, കാര്യവിവരപ്പട്ടികയിലെ ഇനം മൂന്ന് അനുസരിച്ചുള്ള കടലാസുകൾ ഞാൻ മേശപ്പുറത്തു വയ്ക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly